സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 59 ലക്കം: 182 2024 നവംബർ 06 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കടന്നൽക്കുത്തേറ്റ് 108 വയസ്സുകാരി മരിച്ചു; മകൾ ഉൾപ്പെടെ മൂന്നുപേർ ചികിത്സയിൽ

എരുമേലി: 108 വയസുള്ള വയോധിക കടന്നലുകളുടെ കുത്തേറ്റ് മരിച്ചു. പാക്കാനം കാവനാൽ കുഞ്ഞുപെണ്ണ് നാരായണനാണ് മരിച്ചത്. മകൾ ഉൾപ്പെടെ മൂന്നുപേരെ ആശുപത്രിയി പ്രവേശിപ്പിച്ചു. ഇന്നലെ വൈകീട്ട് നാലുമണിയോടെയാണ് സംഭവമുണ്ടായത്. ചികിത്സയിലിരിക്കെ ഇന്ന രാവിലെയോടെയാണ് കുഞ്ഞുപെണ്ണ് മരിച്ചത്.

പരിക്കേറ്റ മകൾ കെ.എൻ. തങ്കമ്മ (80), വീട്ടിലെ സഹായി ജോയി (75), അയൽവാസി ശിവദർശൻ (24) എന്നിവരെ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തങ്കമ്മയുട നില ഗുരുതരമാണ്.

പണപ്പെട്ടിയുള്ളത് ക്ലിഫ്ഹൗസിൽ

റെയ്ഡിന് പിന്നിൽ എം ബി രാജേഷ്, പാതിരാനാടകം പൊളിഞ്ഞു: സതീശൻ

പാലക്കാട്: പാലക്കാട്ട് കോൺഗ്രസ് നേതാക്കൾ താമസിച്ച ഹോട്ടൽമുറിയിലെ പോലീസ് റെയ്ഡിൽ സർക്കാരിനെതിരേ രൂക്ഷ വിമർശനവുമായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. പണപ്പെട്ടി അന്വേഷിക്കേണ്ടത് കോൺഗ്രസ് നേതാക്കന്മാരുടെ മുറിയിലല്ല. മുഖ്യമന്ത്രി പിണറായി വിജയൻ താമസിക്കുന്ന ക്ലിഫ് ഹൗസിലാണ് അഴിമതിയുടെ പണപ്പെട്ടിയുള്ളതെന്ന് അദ്ദേഹം പാലക്കാട്ട് മാധ്യമങ്ങളോടു പ്രതികരിച്ചു. മന്ത്രി എം.ബി. രാജേഷും ഭാര്യാസഹോദരനും ചേർന്നാണ് റെയ്ഡിന്റെ ഗൂഢാലോചന നടത്തിയത്. രാജേഷ് രാജിവെക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

സി.പി.എം.–ബി.ജെ.പി. നേതൃത്വങ്ങളുടെ അറിവോടെയും പിന്തുണയോടെയുമാണ് റെയ്ഡ് നടന്നതെന്ന് വ്യക്തമാണെന്നും സതീശൻ പറഞ്ഞു. കൊടകര കുഴൽപ്പണക്കേസിൽ മുഖം നഷ്ടമായ ബി.ജെ.പിയും അവർക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കാൻ നിന്ന സി.പി.എം. നേതൃത്വവും ജാള്യത മറയ്ക്കാൻ നടത്തിയ പാതിരാനാടകമാണ് അരങ്ങിലെത്തുംമുൻപേ ദയനീയമായി പൊളിഞ്ഞതെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപജാപക സംഘത്തിന്റെ പിന്തുണയോടെ പാലക്കാട്ടുനിന്നുള്ള മന്ത്രി എം.ബി. രാജേഷും അദ്ദേഹത്തിന്റെ ഭാര്യാസഹോദരനായ സി.പി.എം. നേതാവും ബി.ജെ.പി. നേതാക്കളുടെ അറിവോടെ തയ്യാറാക്കിയതാണ് ഇതിന്റെ തിരക്കഥ മുഴുവൻ. റെയ്ഡ് സംബന്ധിച്ച് പോലീസ് വിശദീകരണത്തിൽ തന്നെ വൈരുധ്യങ്ങളുണ്ട്. പോലീസ് ആദ്യം പോയത് ഷാനിമോൾ ഉസ്മാന്റെയും പിന്നീട് ബിന്ദുകൃഷ്ണയുടെയും മുറിയിലേക്കാണ്. കോൺഗ്രസ് നേതാക്കന്മാരുടെ മുറികളെ ലക്ഷ്യമാക്കി വനിതാനേതാക്കളെ അപമാനിക്കാൻകൂടി വേണ്ടിയാണ് ഇത് ചെയ്തത്, സതീശൻ ആരോപിച്ചു. സമീപത്തെ മുറികളിൽ താമസിച്ചിരുന്ന ബി.ജെ.പിയുടെ വനിതാ നേതാക്കളുടെ മുറിയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെത്തിയിട്ടും പരിശോധന നടത്തിയില്ലെന്നും സതീശൻ കൂട്ടിച്ചേർത്തു.

കേരള പോലീസിനെ ഏറ്റവും നാണംകെട്ട പോലീസാക്കി മാറ്റിയെന്നും സതീശൻ ആരോപിച്ചു. ഏറ്റവും വലിയ അടിമക്കൂട്ടമാക്കി മാറ്റി. റെയ്ഡ് നടത്താൻ പോകുന്ന വിവരം കൈരളി ടി.വി. എങ്ങനെ അറിഞ്ഞു. അവരെ അറിയിച്ചിട്ടാണോ പോലീസ് റെയ്ഡ് നടത്താൻ വന്നത്. പോലീസ് റെയ്ഡിന് എത്തുന്നതിന് മുൻപേ ഡി.വൈ.എഫ്.ഐയുടെയും ബി.ജെ.പിക്കാരുടെയും ആൾക്കൂട്ടമുണ്ടായിരുന്നു. അവർക്ക് ഹോട്ടലിന്റെ വരാന്തയിലേക്കും റിസപ്ഷനുള്ളിലേക്കും കയറാൻ സൗകര്യമുണ്ടാക്കി നൽകി. പണപ്പെട്ടി കൊണ്ടുപോകുന്നതിന്റെ ദൃശ്യങ്ങൾ പകർത്താനാണ് അവർ കയറിയത് എന്നാണ് പറയുന്നത്. പണപ്പെട്ടി അന്വേഷിക്കേണ്ടത് കോൺഗ്രസ് നേതാക്കളുടെ മുറിയിലല്ല. പിണറായി വിജയൻ താമസിക്കുന്ന ക്ലിഫ് ഹൗസിലാണ് അഴിമതിയുടെ പണപ്പെട്ടിയുള്ളത്, സതീശൻ പറഞ്ഞു.

തോന്നുമ്പോൾ കയറിയിറങ്ങാൻ ഇത് മാർക്കറ്റല്ലെന്ന് ഷാനിമോൾ

പാലക്കാട്: ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോൺഗ്രസ് നേതാക്കൾ അനധികൃത പണമിടപാട് നടത്തുന്നുവെന്ന പരാതിയിൽ പൊലീസ് നടത്തിയ പരിശോധനയിൽ പ്രതികരിച്ച് ഷാനിമോൾ ഉസ്മാൻ. സ്ത്രീയെന്ന നിലയിൽ അഭിമാനത്തെ ചോദ്യം ചെയ്യുന്ന നടപടിയാണ് ഉണ്ടായതെന്നും മുറിയിൽ നിന്ന് എന്ത് കിട്ടിയെന്ന് രേഖാമൂലം അറിയിക്കണമെന്നും അവർ മാദ്ധ്യമങ്ങളോട് പറഞ്ഞു.

രാത്രി പന്ത്രണ്ട് മണിക്ക് ശേഷം വാതിലിൽ മുട്ടിയ പൊലീസിന്റെ നടപടി തെറ്റാണ്. പുരുഷ പൊലീസുകാരാണ് വന്നത്. പിന്നീടാണ് വനിതാ പൊലീസെത്തിയത്. തോന്നുമ്പോൾ കയറിയിറങ്ങാൻ ഇത് മാർക്കറ്റൊന്നുമല്ലെന്നും ഷാനിമോൾ ഉസ്മാൻ പറഞ്ഞു.

'വസ്ത്രങ്ങൾ അടക്കമുള്ള സാധനങ്ങൾ വാരിവലിച്ചിടുകയായിരുന്നു. അസമയത്ത് വന്ന് മുറിയുടെ കോളിംഗ് ബെല്ലടിച്ചാൽ തുറക്കേണ്ട കാര്യമില്ല. ബെല്ലടിച്ച ശേഷം തുറക്കണമെന്ന് ആവശ്യപ്പെട്ടു. വസ്ത്രം മാറിയ ശേഷം വാതിൽ തുറന്നു. നാല് പൊലീസുകാർ യൂണിഫോമിലായിരുന്നു. ബാക്കിയുള്ളവർ മഫ്തിയിലായിരുന്നു. തിരിച്ചറിയൽ കാർഡ് ചോദിച്ചെങ്കിലും കാണിച്ചു തന്നില്ല. വനിതാ പൊലീസ് ശരീര പരിശോധന നടത്തി. രണ്ടാഴ്ചയായി താമസിക്കുന്ന മുറിയാണ്.

ശുചിമുറിയും കിടക്കയുമൊക്കെ പരിശോധിച്ചു.ഒന്നും കിട്ടിയില്ലെന്നത് രേഖാമൂലം എഴുതിത്തരാൻ പറഞ്ഞെങ്കിലും കൃത്യമായ മറുപടി ലഭിച്ചില്ല.' – ഷാനിമോൾ ഉസ്മാൻ പറഞ്ഞു.

യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിനെതിരെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രത്യേക സ്ക്വാഡ് പരിശോധനയ്ക്ക് എത്തിയത്.

ട്രോളി ബാഗിൽ പണം എത്തിച്ചുവെന്നാണ് സിപിഎം ആരോപിക്കുന്നത്.

യു.എസ് 'ചുവപ്പിച്ച്' ട്രംപ്, നിർണായക സംസ്ഥാനങ്ങൾ പിടിച്ച് അധികാരത്തിലേക്ക്

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വിജയത്തോട് കൂടുതൽ അടുത്ത് റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡൊണാൾഡ് ട്രംപ്. 247 ഇലക്ടറൽ കോളേജ് വോട്ടുകൾ ട്രംപ് ഇതിനകം നേടിക്കഴിഞ്ഞുവെന്ന് അന്താരാഷ്ട്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. 210 വോട്ടുകൾ മാത്രമാണ് ഡെമോക്രാറ്റിക് സ്ഥാനാർഥി കമലാ ഹാരിസിന് നേടാൻ കഴിഞ്ഞത്. യു.എസിന്റെ പ്രസിഡന്റ് പദത്തിലെത്താൻ 270 വോട്ടുകളാണ് വേണ്ടത്. ട്രംപ് വിജയത്തിലേക്ക് അടുത്തതോടെ പാർട്ടിയുടെ ചുവന്ന കൊടിയുമായി അനുയായികൾ വിജയാഘോഷം തുടങ്ങിക്കഴിഞ്ഞു.

വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ 23 സംസ്ഥാനങ്ങൾ ട്രംപിനൊപ്പമാണെന്നും 11 സംസ്ഥാനങ്ങൾ മാത്രമേ കമലയ്ക്കൊപ്പമുള്ളൂവെന്നുമാണ് റിപ്പോർട്ടുകൾ. പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ നിർണായകമായി സ്വാധീനിക്കുന്ന സ്വിങ് സീറ്റുകളിലും (പെൻസിൽവാനിയ, അരിസോണ, ജോർജിയ, മിഷിഗൺ, നെവാദ, നോർത്ത് കരോലിന, വിസ്കോൻസിൻ) ട്രംപ് തന്നെയാണ് ലീഡ് ചെയ്യുന്നത്. അതേസമയം കമലാ ഹാരിസ് തന്റെ ഇലക്ഷൻ നൈറ്റ് പ്രസംഗം റദ്ദാക്കിയതായി റിപ്പോർട്ടുകളുണ്ട്. ട്രംപ് വിജയത്തോട് അടുക്കുന്ന പശ്ചാത്തലത്തിലാണ് ഇതെന്നാണ് സൂചന. വൈസ് പ്രസിഡന്റ് ഇന്ന് രാത്രി പ്രസംഗിക്കില്ലെന്നും നാളെ (വ്യാഴാഴ്ച) അവർ സംസാരിക്കുമെന്നും കമലയുടെ പ്രചാരണസംഘാംഗം സെഡ്രിക് റിച്മണ്ട് പറഞ്ഞു.

നെബ്രാസ്കയിൽനിന്ന് ഡെബ് ഫിഷർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതോടെ യു.എസ്. പാർലമെന്റിന്റെ സെനറ്റിലും റിപ്പബ്ലിക്കൻ പാർട്ടി ഭൂരിപക്ഷം നേടിക്കഴിഞ്ഞു. സെനറ്റിൽ ചുരുങ്ങിയത് 51 സീറ്റുകൾ ലഭിച്ചതോടെ സഭയുടെ നിയന്ത്രണം നാലുകൊല്ലത്തിനിടെ ഇതാദ്യമായി റിപ്പബ്ലിക്കൻ പാർട്ടിക്ക് ലഭിച്ചു. ഇതോടെ പ്രസിഡന്റിന്റെ കാബിനറ്റ്, സുപ്രീം കോടതി ജസ്റ്റിസുമാരുടെ നിയമനം തുടങ്ങിയ വിഷയങ്ങളിൽ പാർട്ടിക്ക് നിർണായക അധികാരവും കൈവന്നിരിക്കുകയാണ്.

62 കോടി രൂപയുടെ ഫണ്ട് ദുരുപയോഗം: ആനന്ദ് മിത്തലിന് 4 വർഷം തടവ്

മുംബൈ: 162 കോടി രൂപയുടെ ഫണ്ട് ദുരുപയോഗം ചെയ്ത കേസിൽ ന്യൂ ഇന്ത്യ അഷ്വറൻസ് മുൻ ജനറൽ മാനേജർ ഡോ. ആനന്ദ് മിത്തലിന് പ്രത്യേക സി.ബി.ഐ കോടതി നാല് വർഷം തടവ് ശിക്ഷ വിധിച്ചു.

പ്രസ്തുത അക്കൗണ്ടിലെ 1.30 കോടി രൂപ കണ്ടുകെട്ടാനും കോടതി ഉത്തരവിട്ടു. 2016 സെപ്റ്റംബറിലാണ് സി.ബി.ഐ മിത്തലിനെതിരെ അഴിമതിക്കുറ്റം ചുമത്തിയത്. പ്രോസിക്യൂഷൻ കേസ് പ്രകാരം ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ ഉപസ്ഥാപനമായ നൈജീരിയയിലെ എം.എസ് പ്രസ്റ്റീജ് അഷ്വറൻസ് ലാഗോസിന്റെ എം.ഡിയായി മിത്തലിനെ നിയോഗിച്ചിരുന്നു.

2010 മാർച്ച് മൂന്നു മുതൽ 2014 ഡിസംബർ 12 വരെയുള്ള ഭരണകാലത്ത് അദ്ദേഹം സ്ഥാപനത്തിൽ നിന്ന് അനർഹമായി വൻ തോതിലുള്ള ഫണ്ട് സ്വീകരിക്കുകയും ചെയ്തു.

ഡയറക്ടർ ബോർഡിന്റെ അംഗീകാരമില്ലാതെയാണ് തുക പിൻവലിച്ചതെന്നും സ്വീകരിച്ചതെന്നും സി.ബി.ഐ വ്യക്തമാക്കി. എന്നാൽ ബോർഡ് തുക അനുവദിച്ചതായി ഡോ. മിത്തൽ അവകാശപ്പെട്ടു. 2014 ഒക്ടോബർ 29-ന് നടന്ന യോഗത്തിന്റെ മിനിറ്റ്സുകളും അനുബന്ധ രേഖകളും സി.ബി.ഐ കണ്ടെടുത്തു. എന്നാൽ പിൻവലിച്ച തുകയുടെ ഒരു ചെറിയ ഭാഗം മാത്രമാണ് ബോർഡ് അംഗീകരിച്ചതെന്ന് സി.ബി.ഐ പറഞ്ഞു.

പണം എത്തിത്തുടങ്ങിയെന്ന് ഞാൻ രണ്ടുദിവസം മുമ്പേ പറഞ്ഞു, ഷാഫിയുടെ 'മോഡസ് ഓപ്പറാണ്ടി' എനിക്കറിയാം: സരിൻ

പാലക്കാട്: കോൺഗ്രസിനുള്ളിൽനിന്നുതന്നെ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പാലക്കാട് നേതാക്കൾ താമസിക്കുന്ന ഹോട്ടലുകളിൽ പോലീസ് പരിശോധന നടത്തിയതെന്ന് എൽ.ഡി.എഫ്. സ്ഥാനാർഥി ഡോ.പി. സരിൻ. പണം എത്തിത്തുടങ്ങിയെന്നും കൈമാറപ്പെട്ടു തുടങ്ങിയെന്നും താൻ രണ്ടുദിവസം മുമ്പേതന്നെ പറഞ്ഞു. ഷാഫി ഇനിയും നാടകം കളിച്ചാൽ അതിനപ്പുറത്തെ തിരക്കഥ തന്റെ കൈയിലുണ്ടാവുമെന്ന് ഓർക്കണമെന്നും സരിൻ പറഞ്ഞു.

കോൺഗ്രസുകാരുതന്നെയാണ് വിവരം പുറത്തുവിട്ടതെന്നാണ് അറിയുന്നത്. ബി.ജെ.പി-സി.പി.എം. ബന്ധം ആരോപിക്കപ്പെടുന്ന നാടകം അരങ്ങേറണമെങ്കിൽ അതിന് ശക്തമായ അടിത്തറ ഉണ്ടാവണം. ഷാഫി പറമ്പിലിന്റെ മോഡസ് ഓപ്പറാണ്ടിയിൽ ഷാഫി തന്നെ പോലീസിന് വിവരം നൽകിയതാവാം. ഇതെല്ലാം സമഗ്രമായി അന്വേഷിക്കപ്പെടണം. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ ജില്ലാ ഭരണകൂടവും ക്രമസമാധാന പാലനവും തിരഞ്ഞെടുപ്പ് കമ്മിഷന്റെ കീഴിലാണ്. അവിടെ നടക്കുന്ന കാര്യങ്ങൾക്ക് സർക്കാരിനെ പ്രതിചേർക്കാമെന്ന കോൺഗ്രസിന്റെ മണ്ടൻ സിദ്ധാന്തമാണ് പൊളിഞ്ഞുവീഴുന്നതെന്നും സരിൻ അവകാശപ്പെട്ടു.

'തോൽക്കുകയാണ് എന്ന് മനസിലാക്കുന്നവർക്ക് ജനങ്ങളുടെ സഹതാപതരംഗമെങ്കിലും വർക്ക് ഔട്ടാവുമോയെന്ന് നോക്കുന്ന നാണംകെട്ട കളിയാണ് കളിക്കുന്നത്. തങ്ങളെ വഞ്ചിച്ച, തങ്ങളുടെ ജനവിധി വഞ്ചിച്ച കോൺഗ്രസിനെ സഹതാപമർഹിക്കാത്ത പ്രസ്ഥാനമായി കാണുന്നു. അനുകമ്പാപൂർവമായ ഒരുവോട്ടുപോലും കോൺഗ്രസിന് കിട്ടില്ല. ഒരുനിഷേധവോട്ടുപോലും കോൺഗ്രസിന് കിട്ടില്ല. 14 ദിവസം ഇനിയുമുണ്ട്. നാടകം ഇത്രയുംപെട്ടെന്ന് തീർക്കണ്ട. ഷാഫി പറമ്പിലിന്റെ മോഡസ് ഓപ്പറാണ്ടി ഓരോന്നായി ഞാൻ പുറത്തുകൊണ്ടുവരും. ഷാഫി ഇനിയും നാടകം കളിച്ചാൽ അതിനപ്പുറത്തെ തിരക്കഥ എന്റെ കൈയിലുണ്ടാവുമെന്ന് ഷാഫി ഓർക്കുന്നത് നല്ലതാണ്', സരിൻ പറഞ്ഞു.

പോലീസിന് കോൺഗ്രസ് പക്ഷത്തുനിന്ന് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ സാധാരണ രീതിയിൽ നടക്കുന്ന പരിശോധനയ്ക്കായി പോലീസ് അവിടെ എത്തി. ഏകപക്ഷീയമായ പരിശോധനയല്ല എന്നാണ് മനസിലാക്കുന്നത്. ചില ഇടപാടുകൾക്കുവേണ്ടിയുള്ള പണമോ മറ്റ് തിരഞ്ഞെടുപ്പിന് കൈമാറാൻ പാടില്ലാത്തത് എന്താണോ അതൊക്കെ അവിടെ ഉണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമായിട്ടുണ്ടെന്നും സരിൻ കൂട്ടിച്ചേർത്തു.

'പണം എത്തിത്തുടങ്ങിയെന്നും കൈമാറപ്പെട്ടുതുടങ്ങിയെന്നും ഞാൻ രണ്ടുദിവസം മുമ്പേ പറഞ്ഞു. ഷാഫി എങ്ങനെയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പ് ജയിച്ചത്? ഷാഫിയുടെ കുതന്ത്രമാണിത്. ഷാഫിയുടെ മോഡസ് ഓപ്പറാണ്ടി വളരെ കൃത്യമായി അറിയുന്ന ആളെന്ന നിലയിൽ 48 മണിക്കൂർ മുമ്പേ ഞാൻ പറഞ്ഞില്ലേ', സരിൻ വ്യക്തമാക്കി.

മറ്റുള്ളവർക്കില്ലാത്ത എന്ത് സ്വകാര്യതയാണ് ഷാനിമോൾക്ക്: എ.എ. റഹീം

പാലക്കാട്: മറ്റുള്ളവർക്കില്ലാത്ത എന്ത് സ്വകാര്യതയാണ് ഷാനിമോൾ ഉസ്മാനെന്ന് എ.എ. റഹീം എം.പി. ബിന്ദുകൃഷ്ണ വനിതാ പോലീസ് ഇല്ലാതെതന്നെ മുറി തുറുന്നുകൊടുത്തിരുന്നു. എന്നാൽ ഷാനിമോൾ ഉസ്മാൻ അതിന് സമ്മതിച്ചില്ല. ഷാനിമോൾ ഉസ്മാൻ പോലീസിന്റെ വിലപ്പെട്ട സമയമാണ് നഷ്ടപ്പെടുത്തിയതെന്നും എ.എ റഹീം പറഞ്ഞു.

അവർ മുറി തുറക്കാനേ തയ്യാറായിരുന്നില്ല. വനിതാ പോലീസ് വന്നാലേ തുറക്കൂവെന്ന നിലപാടിലായിരുന്നു. വാതിൽ തുറക്കാതെ എങ്ങനെയാണ് അവർക്ക് വനിതാ പോലീസ് ഇല്ലെന്ന് വ്യക്തമായത്. പുരുഷ പോലീസിന്റെ കതകിന് തട്ടലും വനിതാ പോലീസിന്റെ കതകിന് തട്ടലും മനസ്സിലാക്കാൻ അവർക്ക് കഴിയുമോയെന്നും റഹീം ചോദിച്ചു. ഏറെസമയം കഴിഞ്ഞാണ് പിന്നീടവർ മുറി തുറന്നത്. പണം മാറ്റാനുള്ള എല്ലാ സൗകര്യവും ചെയ്തതിന് ശേഷമാണ് മുറി തുറന്നതെന്നും റഹീം പറഞ്ഞു.

ജില്ലാ പോലീസ് കായികമേളയോടനുബന്ധിച്ച് നടന്ന ദീപശിഖാ പ്രയാണം തൃശ്ശൂർ റൂറൽ എസ്.പി. ഡോ. നവനീത് ശർമ്മ ഉദ്ഘാടനം ചെയ്യുന്നു

തുങ്ങിമരിച്ച നിലയിൽ

വടക്കേക്കാട്: കൊച്ചന്നൂർ സ്വദേശിയെ കൊച്ചന്നൂരിലെ ആളൊഴിഞ്ഞ തറവാട്ടു വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. അങ്ങാടി പറമ്പിൽ വീട്ടിൽ അയ്യപ്പന്റെ മകൻ 46 വയസ്സുള്ള ആനന്ദനാണ് മരിച്ചത്. ആനന്ദനെ കാണാത്തതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് കൊച്ചന്നൂരിലുള്ള ആളൊഴിഞ്ഞ തറവാട്ടു വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. തുടർന്ന് തൊഴിയൂർ ലൈഫ് കെയർ ആംബുലൻസ് പ്രവർത്തകർ മൃതദേഹം കുന്നംകുളം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം1.30 ഓടെ മൃതദേഹം വീട്ടിലെത്തിക്കും. തുടർന്ന് ആറ്റുപുറം നിദ്രാലയം വൈദ്യുത ശ്മശാനത്തിൽ സംസ്കരിക്കും.

140 കിലോമീറ്റർ കടന്നും സ്വകാര്യ ബസ്സുകൾക്ക് ഓടാം; കെഎസ്ആർടിസിക്ക് വൻതിരിച്ചടിയായി ഹൈക്കോടതി ഉത്തരവ്

കൊച്ചി: സ്വകാര്യ ബസുകൾക്ക് 140 കിലോമീറ്ററിലധികം ഓടുന്നതിന് പെർമിറ്റ് അനുവദിക്കേണ്ടന്ന മോട്ടോർ വെഹിക്കിൾ സ്കീമിലെ വ്യവസ്ഥ ഹൈക്കോടതി റദ്ദാക്കി. സ്വകാര്യ ബസുടമകൾ സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതിയുടെ ഉത്തരവ്. 140 കിലോമീറ്ററിലധികം സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകാതിരിക്കുന്ന സ്കീം നിയമപരമല്ലെന്ന സ്വകാര്യബസുടമകളുടെ വാദം ഹൈക്കോടതി അംഗീകരിക്കുകയായിരുന്നു. 140 കിലോമീറ്ററിലധികമുള്ള റൂട്ടുകളിൽ താത്കാലിക പെർമിറ്റ് നിലനിർത്താൻ സിംഗിൾ ബെഞ്ച് നേരത്തെ ഉത്തരവിട്ടിരുന്നു.

സ്വകാര്യ ബസുകൾക്ക് 140 കിലോമീറ്ററിന് മുകളിൽ പെർമിറ്റ് അനുവദിക്കരുതെന്നായിരുന്നു കെ.എസ്.ആർ.ടി.സിയുടെയും നിലപാട്. കോടതിയുടെ ഉത്തരവ് കെ.എസ്.ആർ.ടി.സിക്ക് തിരിച്ചടിയായിരിക്കുകയാണ്. 2023 മേയ് മൂന്നിനാണ് 140 കിലോമീറ്ററിലേറെ ദൈർഘ്യമുള്ള സ്വകാര്യബസുകളുടെ സർവീസ് റദ്ദാക്കി സർക്കാർ ഉത്തരവിട്ടത്. പിന്നീടാണ് സ്വകാര്യ ബസുടമകൾ ഹൈക്കോടതിയെ സമീപിച്ചതും താത്കാലികമായി ഈ ഉത്തരവിൽ ഇളവ് നേടുകയും ചെയ്തത്.

റൂട്ട് ദേശസാൽകൃതമാക്കുന്നതിന്റെ ഭാഗമായാണ് മോട്ടോർ വാഹന വകുപ്പ് 2022 ഒക്ടോബറിൽ ഇതു സംബന്ധിച്ച ഉത്തരവിറക്കിയത്. അന്തിമ വിജ്ഞാപനത്തിലെ കാലതാമസവും യാത്രാക്ലേശവും പരിഗണിച്ച് ഇത് നടപ്പാക്കുന്നത് നാലു മാസത്തേക്ക് നീട്ടുകയും സ്വകാര്യ ബസുകൾക്ക് താത്കാലിക പെർമിറ്റ് നൽകുകയുമായിരുന്നു. ഇതിന്റെ കാലാവധി അവസാനിച്ച മുറയ്ക്കാണ് പെർമിറ്റുകൾ റദ്ദാക്കിയത്. തുടർന്ന് താത്കാലിക പെർമിറ്റ് അനുവദിക്കാൻ സാധിക്കില്ലെന്നായിരുന്നു എം.വി.ഡിയുടെ നിലപാട്.

പെർമിറ്റ് കാലാവധി അവസാനിച്ചതിന് പിന്നാലെ മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്ത് ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾ പാടില്ലായെന്ന് നോട്ടിഫിക്കേഷൻ നൽകി. ഇതിനെതിരേ ചില ബസ് ഉടമകൾ കോടതിയെ സമീപിച്ച് താത്കാലിക സ്റ്റേ വാങ്ങിയിരുന്നു. ദീർഘദൂര റൂട്ടുകളിൽ സ്വകാര്യ ഓപ്പറേറ്റർമാർക്ക് പെർമിറ്റ് നൽകുന്നത് വൻസാമ്പത്തിക നഷ്ടമുണ്ടാക്കുമെന്ന് കെ.എസ്.ആർ.ടി.സി. ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അറിയിച്ചിരുന്നു.

സ്വകാര്യബസുകൾ ഓടുന്ന റൂട്ടുകളിൽ 2023 മാർച്ച് മുതൽ കെ.എസ്.ആർ.ടി.സി. 260-ൽ അധികം സർവീസുകൾ ഓടിച്ചിരുന്നു. ദീർഘദൂരബസുകൾ ഓടിക്കാനുള്ള 'ഫ്ളീറ്റ് ഓണർ' പദവി സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.ക്കുമാത്രമാണുള്ളത്. ഇതുപ്രകാരം സ്വകാര്യ ബസുകളുടെ കൈവശമുള്ള ദീർഘദൂര പെർമിറ്റുകൾ കാലാവധി തീരുന്നതനുസരിച്ച് കെ.എസ്.ആർ.ടി.സി.ക്ക് കൈമാറണം. ഓടിയിരുന്ന റൂട്ടിൽ 140 കിലോമീറ്ററായി സ്വകാര്യ ബസുകളുടെ പെർമിറ്റ് ചുരുക്കും. പെർമിറ്റുകൾ റദ്ദാക്കി കെ.എസ്.ആർ.ടി.സി.ക്ക് കൈമാറേണ്ട ചുമതല മോട്ടോർവാഹനവകുപ്പിനാണ്.

ഡോക്ടറോട് കയർത്ത് സംസാരിച്ചു; അൻവറിനെതിരെ കേസ്

ചേലക്കര: ചേലക്കര ഗവ.താലൂക്ക് ആശുപത്രിയിൽ ഒ.പി.യിൽ കയറി ഡോക്ടറോട് കയർത്ത് സംസാരിച്ചതിന് നിലമ്പൂർ എം.എൽ.എ. പി.വി. അൻവറിനെതിരെ ചേലക്കര പോലീസ് കേസെടുത്തു. താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. സുനിൽകുമാർ നൽകിയ പരാതിയിലാണ് കേസെടുത്തിട്ടുള്ളത്.

ഇന്നലെ രാവിലെയാണ് കേസിനാസ്പദമായ സംഭവം നടന്നത്. ഡി.എം.കെ. സ്ഥാനാർഥി എൻ.കെ. സുധീറിനും അനുയായികൾക്കുമൊപ്പമെത്തിയ അൻവർ എം.എൽ.എ. ആശുപത്രിയിലെത്തി ഒ.പി.യിലുണ്ടായിരുന്ന ഡോക്ടർ സെബാസ്റ്റ്യനോട് തട്ടിക്കയറുകയും ആശുപത്രി ജീവനക്കാരോട് മോശമായി സംസാരിക്കുകയും ചെയ്തെന്നാണ് പരാതി.

അനുവാദമില്ലാതെ ആശുപത്രിയിൽ പ്രവേശിച്ച് ഡോക്ടറുടെ ജോലി തടസ്സപ്പെടുത്തിയതിനെതിരെയാണ് കേസെടുത്തിട്ടുള്ളത്.

കോടതി പരസ്യം

ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 255/2024

ഹദീഖ -ഹരജിക്കാരി

കമ്മീഷ്ണർ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ, സബ്സിഡിയറി ഓഫീസ്, എരഞ്ഞിപ്പാലം പി ഒ., കോഴിക്കോട്, പിൻ-673006

-എതൃകക്ഷി

1) മുഹമ്മദ് ജിസാൻ എ എച്ച്. (ജനന തിയ്യതി: 18-04-2007)
2) നദ ഫാത്തിമ (ജനന തിയ്യതി: 16-09-2011)

-മൈനർമാർ

ഹരജിക്കാരിയുടെ ഭർത്താവ് അറക്കവീട്ടിൽ മുഹമ്മദ് മകൻ ഹുസൈൻ എന്നവരുടെ മരണത്തെ തുടർന്ന് എതൃകക്ഷിയിൽ നിന്നും ടിയാന്റെ കുടുംബത്തിന് ലഭിക്കാനുള്ള EPF ആനുകൂല്യങ്ങളിൽ മൈനർമാർക്ക് അവകാശപ്പെട്ടതായ 21/24 ഓഹരി അവകാശത്തിന്റെയും മൈനർമാരുടെയും രക്ഷിതാവായി ഹരജിക്കാരിയെ നിയമിച്ചും ടി അവകാശം ഹരജിക്കാരി പേരിൽ തരുവാൻ കല്പിച്ചും മറ്റും ഉത്തരവുണ്ടാകുന്നതിന് വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹരജി **02-12-2024** തിയ്യതി വിചാരണക്കായി വെച്ചിരിക്കുന്നു. ഹരജി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ബ്യൂട്ടി & വെൽനെസ്സ് ക്ലാസ്സ് നടത്തി

ലയൺസ് ക്ലബ് ഓഫ് തൃപ്രയാർ ടെമ്പിൾ സിറ്റിയുടെ നേതൃത്വത്തിൽ, യുവജന ശാക്തികരണത്തിന്റെ ഭാഗമായി വലപ്പാട് എൻ.ഇ.എസ് കോളേജിൽ ബ്യൂട്ടി & വെൽനെസ്സ് ക്ലാസ്സ് നടത്തി. ട്രെയ്നർ സുബരാജ് മാണിക്യം, ഫാ. സോജൻ സി.ജോസഫ്, വിനു തോമസ്, റോബർട്ട് വർഗീസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

എൻ. ഇ. എസ് കോളേജിൽ ചേർന്ന യോഗം ലയൺസ് ക്ലബ്ബ് മുൻ ഡിസ്ട്രിക്റ്റ് ഗവർണ്ണർ ജോർജ് മൊറേലി ഉദ്ഘാടനം ചെയ്തു പ്രസിഡണ്ട് ലയൺ ആർ. ഐ എം സക്കറിയ അധ്യക്ഷത വഹിച്ചു.

റീജിയൺ ചെയർ പേഴ്സൺ ലയൺ ആനി ജോസഫ് സ്കൂൾ പ്രിൻസിപ്പൾ എൻ.സി അനിജ, സെക്രട്ടറി ഷാജി ചാലിശ്ശേരി, ട്രഷറർ ജോസ് താടിക്കാരൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

പ്രോഗ്രാം കോർഡിനേറ്റർ ആശ രാധാകൃഷ്ണൻ, തോമസ് ഇ.പി. കാർത്തികേയൻ കുന്നുങ്ങൽ, റഷീദ് വീരസൻ, രാധാകൃഷ്ണൻ പാതാട്ട്, റാഫി എം.സി എം., സീമ സക്കറിയ എന്നിവർ നേതൃത്യം നൽകി

IFFT യുടെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ നവംബർ 10 മുതൽ 15 വരെ

തൃശൂർ കോർപറേഷൻ, തൃശൂർ ജില്ലാ പഞ്ചായത്ത് സഹകരണത്തോടെ കഴിഞ്ഞ 19 വർഷമായി നടന്നു വരുന്ന ഐ എഫ് എഫ് ടി യുടെ 19-മത് IFFT 2.0 യുടെ ഇടക്കാല ചലച്ചിത്രമേള നവംബർ 10 മുതൽ 15 വരെ രാംദാസ്/രവികൃഷ്ണ തിയേറ്ററിൽ,സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ നടത്തുകയാണ്.

ഒരാഴ്ച നീണ്ടു നിൽക്കുന്ന ചലച്ചിത്ര മേളയിൽ മലയാള സിനിമ യിലെ പുതുമുഖ സംവിധായകരുടെ സിനിമകൾക്കു ഏർപ്പെടുത്തിയ IFFT ഓഡിറ്റോറിയത്തിൽ മച്ചിങ്ങൽ ഫിലിം അവാർഡിന് മത്സരിക്കുന്ന 7 സിനിമകളും 5 വേറിട്ട ഇന്ത്യൻ പനോരമ സിനിമകളും IFFT റീ വിസിറ്റഡ് പാക്കേജിൽ പുരസ്കാരം ലഭിച്ച ഏഴു സിനിമകളും ശാസ്ത്ര സിനിമകളും ഹ്രസ്വ - ഡോക്യൂമെന്ററികളും ഉൾപ്പെടുന്ന മുപ്പതോളം സിനിമകളാണ് ഉണ്ടാവുക.

മലയാള സിനിമയിലെ നവാഗത സംവിധായക രുടെ മികച്ച രചനകൾ കണ്ടെത്തുന്ന മത്സരത്തിൽ ഷോർട്ട് ലിസ്റ്റ് ചെയ്ത 7 സിനിമകൾ പ്രഖ്യാപിച്ചു.

1. വലസൈ പറവകൾ - സുനിൽ മാളൂർ 2. ദായം - പ്രശാന്ത് വിജയ് 3. ഉള്ളൊഴുക്ക് - ക്രിസ്റ്റോ ടോമി 4. നജ്സ് - ശ്രീജിത്ത്പൊയ്ൽകാവ് 5. കുത്തൂട് - മനോജ് കെ സേതു 6. നീരജ - രാജേഷ് കെ രാമൻ 7. തണുപ്പ് - രാഗേഷ് നാരായണൻ

മത്സരത്തിൽ തെരഞ്ഞെടുക്കുന്ന മികച്ച സിനിമക്കു കഎഎം ഡോറോതിയ മച്ചിങ്ങൽ ഫിലിം അവാർഡ് ഉങ ഫൗണ്ടേഷൻ നൽകും. ഒരു ലക്ഷം രൂപയാണ് അവാർഡ് തുക.

പ്രശസ്ത സൗണ്ട് ഡിസൈനർ ടി കൃഷ്ണനുണ്ണി (ചെയർമാൻ), നോവലിസ്റ്റ് കെ വി അഷ്ടമൂർത്തി, ഫിലിം ക്രിട്ടിക് എം സി രാജനാരായണൻ എന്നിവരടങ്ങുന്ന ജൂറിയാണ് മികച്ച സിനിമ തെരഞ്ഞെടുക്കുക.

5 വേറിട്ട ഇന്ത്യൻ പനോരമ സിനിമകൾ എന്ന പാക്കേജിൽ നിരവധി അന്താരാഷ്ട്ര ഫെസ്റ്റിവലുകളിൽ പങ്കെടുത്തിട്ടുള്ള അനീക് ചൗധരിയുടെ ഹിന്ദി മൂവി ദി സിബ്രാസ് (The Zeebras), രഹത് മഹാജന്റെ മേഘധൂതു - വേല cloud messenger , സൗരിഷ് ഡെയുടെ ബംഗാളി മൂവി ഫ്യൂറ്റ്, മേല്പറഞ്ഞ 3 സിനിമകളും കേരളത്തിലെ ആദ്യ പ്രദർശനങ്ങളാണ്. മണിപ്പൂരി സംവിധായകൻ പബൻ കുമാറിന്റെ ജോസഫ്സ് സൺ, പ്രതാപ് ജോസഫിന്റെ മാവോയിസ്റ്റ് തുടങ്ങിയ ഇന്ത്യൻ പനോരമയിലുണ്ട്.

IFFT റീ വിസിറ്റഡ് പാക്കേജിൽ പുരസ്കാരം ലഭ്യമായിട്ടുള്ള 'ക്ലാര സോളാ', ദി നെയിംസ് ഓഫ് ദി ഫ്ളവർസ്,ക്ലാഷ്, ഐ സ്റ്റിൽ ഹൈഡ് ടു സ്മോക്ക് ദിസ് ഈസ് not F ബറിയൽ, ഇറ്റ്സ് എ റിസറക്ഷൻ തുടങ്ങിയ സിനിമകൾ പ്രദർശിപ്പിക്കും. കെ ആർ നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഫിലിം പാക്കേജ്, സെന്റർ ഫോർ മീഡിയ സ്റ്റുഡീസിൽ നിന്നുള്ള NDSF പാക്കേജ്, മിനി ഐ ജി യുടെ കറുപ്പഴക്, പ്രശസ്ത ചിത്രക്കാരനായ കെ എം മധുസൂദനന്റെ ഫ്ലയിം, കാണി ഫിലിം സൊസൈറ്റി നിർമ്മിച്ച പി മുഹമ്മദ് കുട്ടിയുടെ നിർമ്മാല്യം പി.ഒ. രാംദാസ് കടവല്ലൂരിന്റെ. 'ബിയോണ്ട് ഹെയറ്റർഡ് ആൻഡ് പവർ,വീ കീപ്പ് സിംഗിംഗ്' എന്നീ സിനിമകൾ മേളയിൽ പ്രദർശിപ്പിക്കും.

പങ്കെടുക്കുന്നവർ: അഡ്വ. വില്ലി,ജോയിന്റ് കൺവീനർ, IFFT (കൗൺസിലർ) , ചെറിയാൻ ജോസഫ് (എക്സിക്യൂട്ടീവ് ഡയറക്ടർ,IFFT), എ രാധാകൃഷ്ണൻ (ട്രഷറർ,IFFT), പി കൃഷ്ണൻകുട്ടി മാഷ് (IFFT എക്സിക്യൂട്ടീവ്), ധനഞ്ജയൻ മച്ചിങ്ങൽ (ഡി എം ഫൗണ്ടേഷൻ)

മുല്ലശ്ശേരി ഉപജില്ല കലോത്സവത്തിൽ അറബിക് പദ്യം ചൊല്ലൽ ജനറൽ യു പി വിഭാഗം ആദിൽ ആരിഫ് (സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ പാവറട്ടി) സെക്കൻഡ് പ്രൈസ് വിത്ത് എ ഗ്രേഡ് കരസ്ഥമാക്കി, എൽ പി വിഭാഗം ആയിശ ആരിഫ് (ക്രൈസ്റ്റ് കിംഗ് കോൺവെന്റ് എൽ. പി സ്കൂൾ പാവറട്ടി) സെക്കൻഡ് പ്രൈസ് വിത്ത് എ ഗ്രേഡും കരസ്ഥമാക്കി. ഇരുവരും ചാവക്കാട് ബാറിലെ അഡ്വക്കേറ്റ് എൻ. കെ. ആരിഫിന്റെ മക്കളാണ്.

ചെറുകിട കാറ്ററിംഗ് സ്ഥാപനങ്ങളെ തകർക്കുന്ന സർക്കാർ നിലപാട് അവസാനിപ്പിക്കുക: ഉസ്മാൻ മുല്ലക്കര

തൃശൂർ: കേരളത്തിൽ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ഫുഡ് ആൻഡ് സേഫ്റ്റി വിഭാഗവും, ഹെൽത്ത് ഡിപ്പാർട്ട്മെൻറുംസംയുക്തമായി നടത്തിവരുന്ന പരിശോധനകൾ വൻകിട കുത്തകളെ സഹായിക്കാനുള്ള നിലപാടാണന്നും . ഈ മേഖലയിലേക്ക് കടന്നു വരുന്ന ചെറുകിട സംരംഭകരെയും. യുവാക്കളായ പാചക തൊഴിലാളികളെയും ഹെൽത്ത് കാർഡിന്റെയും എഫ്എസ്എസ് ഐ , പഞ്ചായത്ത് മുതലായ ലൈസൻസുകളുടെ പേരിലും ഭീമമായ. പിഴ ചുമത്തിക്കൊണ്ട് കേരളത്തിലെ തന്നെ വളർന്നുവരുന്ന ചെറുകിട കാറ്ററിംഗ് സ്ഥാപനങ്ങളെ ഇല്ലാതാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വൻകിടക്കാർക്ക് ഈ മേഖലയിൽ കടന്നു കയറാനുള്ള വഴിയൊരുക്കി കൊടുക്കുകയും . ഹെൽത്ത് കാർഡ് ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ സാധാരണക്കാർക്ക് താങ്ങാൻ പറ്റാത്ത രീതിയിലേക്ക് മാറ്റുകയും ആവർത്തിച്ച് ടൈഫോയ്ഡ് വാക്സിൻ എടുക്കുമ്പോളുണ്ടാകുന്ന ആരോഗ്യ പ്രതിസന്ധികളെ കുറിച്ച് തൊഴിലാളികൾക്കിടയിൽ

ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറ് തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകുന്നില്ല സ്വതന്ത്രമായി തൊഴിലെടുക്കുന്നവർ ഹെൽത്ത് കാർഡ് ഉള്ളവരാണങ്കിലും ഇത്തരം തൊഴിലാളികളെ ജോലി ചെയ്യുവാൻ സമ്മതിക്കാത്ത സമീപനമാണ് അധികാരികളുടെ ഭാഗത്തു നിന്നുണ്ടാകുന്നത് ദിവസ വരുമാനത്തിൽ ജീവിക്കുന്ന ഇത്തരം തൊഴിലാളികളെ വലിയ പ്രതിസന്ധിയിലാക്കുന്ന സർക്കാർ നടപടികൾക്കെതിരെ കേറ്ററിംഗ് ഹോട്ടൽ വർക്കേഴ്സ് യൂണിയൻ സമാന ചിന്താഗതിയുള്ള മുഴുവൻ ആളുകളുടെയും സംഘടിപ്പിച്ചു കൊണ്ട് ശക്തമായ സമരത്തിനറങ്ങുമെന്നും സംസ്ഥാന പ്രസിഡണ്ട് ഉസ്മാൻ മുല്ലക്കര തൃശൂർ തെന്നിലാപുരം രാധാകൃഷ്ണൻ ഹാളിൽ ചേർന്ന സംസ്ഥാന കമ്മറ്റി യോഗത്തിൽ പ്രഖ്യാപിച്ചു

കോലഴിയിലെ തെരുവ് നായ, കാട്ടുപന്നി അക്രമത്തിനു എതിരെ. ആം ആദ്മി പാർട്ടി വടക്കാഞ്ചേരി മണ്ഡലിന്റെ നേതൃത്തിൽകോലഴി പഞ്ചായത്തിലെ കൊട്ടേക്കാട് നടത്തിയ പന്തം കുളത്തി പ്രതിക്ഷധം.' പ്രതിഷേധം തൃശ്ശൂർ ജില്ലാ പ്രസിഡന്റ് റാഫേൽ ടോണി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് റോയ് പുറനാട്ടുകര, ജില്ലാ വൈസ് പ്രസിഡണ്ട് ഡോക്ടർ ഉണ്ണികൃഷ്ണൻ,ഒല്ലൂർ മണ്ഡലം പ്രസിഡൻറ് ജോൺസൻ എനിക്കൽ,കോലഴി പഞ്ചായത്ത് പ്രസിഡൻറ് ലിംസൺ എന്നിവർ സംസാരിച്ചു

സ്വരം സംഗീത സാംസ്കാരിക സമിതിയുടെ വാർഷിക സമ്മേളനം തൃശൂരിൽ നടന്നു

തൃശൂർ: സാഹിത്യ അക്കാദമി ഹാളിൽ നടന്ന സമ്മേളനം ആദ്യകാല സിനിമ പിന്നണി ഗായിക കരീമ്പുഴ രാധ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അഡ്വ. ശോഭ ബാലമുരളി അദ്ധ്യക്ഷത വഹിച്ചു.

സീനിയർ കലാകാരന്മാരായ കുത്തന്നൂർ മോഹനകൃഷ്ണൻ, പോൾ .കെ.സി, സൈമൺ പുളിക്കൽ എന്നിവരെ യഥാക്രമം അബ്ദുൾ റസാഖ്, ജോൺ സി. ജെ, പോളി എം.ഡി എന്നിവർ മൊമെന്റോ നൽകി. തുടർന്കരിമ്പുഴ രാധ മൂവരേയും പൊന്നാടയണിയിച്ച് ആദരിച്ചു

സ്വരം ബുക്ക് ലെറ്റ്, തിരിച്ചറിയൽ കാർഡ് , വാർഷിക സമ്മാനം എന്നിവ 280 ഓളം അംഗങ്ങൾക്ക് ചടങ്ങിൽ വിതരണം ചെയ്തു

പിന്നണിഗായികയും എഴുത്തുകാരിയും ആകാശവാണി എ ഗ്രേഡ് ആർട്ടിസ്റ്റ് കൂടിയായ കരിമ്പുഴ രാധയെ അഡ്വ ശോഭ പൊന്നാടയും, പ്രദീപ് സോമസുന്ദരം മൊമെന്റെയും സമ്മാനിച്ചു. സത്യാനന്ദ് കെ. അന്തരിച്ച കലാകാരന്മാർക്ക് അനുശോചനം രേഖ പ്പെടുത്തി.

കൂത്തന്നൂർ മോഹനകൃഷ്ണൻ, പോൾ.കെ.സി, സൈമൺ പുളിക്കൽ .

പ്രദീപ് സോമസുന്ദരം, എം.ഡി. പോളി, സി.ടി. ഫ്രാൻസിസ്,ജോൺ സി. ജെ. , ശിവൻ ടി.വി, ബാലസുബ്രമണ്യൻ, ടോണി ചിറമ്മൽ എന്നിവർ സംസാരിച്ചു.

ജയപ്രകാശ്,സാജൻ ഫ്രാൻസിസ്, ഫിലോമിന കെ.ജെ. രാഗേഷ്,വിൻസെന്റ് കെ.ഡി. സുരേഷ് എൻ.വി., റോഷിൻജിജി, എന്നിവരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.,ാ.,ാ.

ഒടിഞ്ഞ് പ്ലാസ്റ്ററിട്ട കൈ വളഞ്ഞു ; ചികിത്സിച്ച ഡോക്ടറും ആശുപത്രിയും നഷ്ടപരിഹാരം നൽകണമെന്ന് ഉപഭോക്തൃ കോടതി

തൃശൂർ : പ്ലാസ്റ്ററിട്ട കൈ വളഞ്ഞ് വൈകല്യം വന്നതിനെതിരെ ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി.

വരന്തരപ്പിള്ളി സ്വദേശി ആറ്റുപുറം വീട്ടിൽ ടെന്നിസൺ, പിതാവ് എ ഡി സണ്ണി എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ ഒല്ലൂരിലെ ഹോളി ഫാമിലി ഹോസ്പിറ്റൽ ഡയറക്ടർ, ചികിത്സ നടത്തിയ ഡോ കെ പി രാംമോഹൻ എന്നിവർക്കെതിരെ തൃശൂർ ഉപഭോക്തൃ കോടതി ഇപ്രകാരം വിധിയായത്.

ടെന്നിസൻ കളിച്ചു കൊണ്ടിരിക്കുമ്പോൾ ഇടതു കൈയ്യിന് ബോൾ കൊണ്ട് പറ്റി. ചികിത്സക്കു വേണ്ടി ഹോളി ഫാമിലി ആശുപത്രിയിൽ കൊണ്ടു ചെന്നു. തുടർന്ന് എക്സ്റേ എടുത്തപ്പോൾ കൈ ഒടിഞ്ഞിട്ടുണ്ടെന്ന് പറഞ്ഞ് പ്ലാസ്റ്ററിടുകയും ചെയ്തു.

എന്നാൽ ഒരാഴ്ച്ച കഴിഞ്ഞപ്പോൾ ഒടിഞ്ഞ കൈയ്യിന് വേദന വരുകയും വീണ്ടും പോയി ഡോക്ടറെ കാണുകയുമുണ്ടായി. എന്നാൽ ഡോക്ടർ കൈയ്യിന് കുഴപ്പമില്ല എന്ന് പറഞ്ഞ് വേദന മാറുവാനുള്ള ഗുളിക കുറിച്ചു നൽകുകയായിരുന്നു.

തുടർന്ന് രണ്ടാഴ്ച്ച കഴിഞ്ഞ് പ്ലാസ്റ്റർ വെട്ടിയപ്പോൾ കൈ വളഞ്ഞ് വൈകല്യം വന്ന അവസ്ഥയിലായിരുന്നു. തുടർന്ന് മറ്റൊരു ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തി റാഡ് ഇടുകയും, അവിടത്തെ ചികിത്സക്കു ശേഷം കൈ ഏറെക്കുറെ ശരിയാവുകയും ചെയ്തു.

എന്നാൽ കൈയ്യിലിട്ടിരുന്ന പ്ലാസ്റ്റർ ടെന്നിസൺ സ്വയം ഊരി മാറ്റുകയായിരുന്നുവെന്നും അതുകൊണ്ടാണ് വൈകല്യം സംഭവിച്ചതെന്നുമുള്ള എതിർകക്ഷികളുടെ വാദം കോടതി നിരാകരിച്ചു.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി ടി സാബു, മെമ്പർമാരായ എസ് ശ്രീജ, ആർ റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാർക്ക് നഷ്ടപരിഹാരമായി 50,000 രൂപയും, ചിലവിലേക്ക് 10,000 രൂപയും, ഹർജി തിയ്യതി മുതൽ 5% പലിശയും നൽകുവാൻ കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാർക്ക് വേണ്ടി അഡ്വ എ ഡി ബെന്നി ഹാജരായി.

അച്ചടിനിരക്ക് വർദ്ധിക്കും

തൃശൂർ: അച്ചടി കടലാസിന്റേയും, പ്രിന്റിങ്ങിന് ഉപയോഗിക്കുന്ന പ്ലേറ്റ്, മഷി, കെമിക്കൽസ് മുതലായവയുടേയും അനിയന്ത്രിതമായ വിലവർദ്ധനവിനെ തുടർന്ന് നവംബർ 10-ാം തിയ്യതി മുതൽ അച്ചടിനിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചതായി കേരള പ്രിന്റേഴ്സ് അസ്സോസിയേഷൻ തൃശൂർ ജില്ലാ ഭാരവാഹികൾ അറിയിച്ചു.

പ്രിന്റിങ്ങിന് ഉപയോഗിക്കുന്ന പേപ്പർ, പ്ലേറ്റ്, അച്ചടി മഷി, കെമിക്കലുകൾ എന്നിവക്ക് 20%-ൽ അധികം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കൂനിന്മേൽ കുരുവെന്ന പോലെ 12% ഉണ്ടായിരുന്ന ജി.എസ്.ടി. നിരക്ക് 18% ആയി വർദ്ധിപ്പിച്ചതും, മുറിവാടകക്ക് 18% ജി.എസ്.ടി. ഏർപ്പെടുത്തിയതും അച്ചടിമേഖലയ്ക്ക് കനത്ത പ്രഹരമായി. അച്ചടിമേഖലയുടെ നിലനിൽപ്പ് തന്നെ പ്രതിസന്ധിയിലായ സാഹചര്യത്തിൽ അച്ചടിനിരക്ക് ഉയർത്തുകയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്ന് കേരള പ്രിന്റേഴ്സ് അസ്സോസിയേഷൻ ജില്ലാ പ്രസിഡണ്ട് സണ്ണി കുണ്ടുകുളം, ജില്ലാ സെക്രട്ടറി പി. ബിജു എന്നിവർ അറിയിച്ചു.

മലയാള അച്ചടിയുടെ പിതാവ് ബെഞ്ചമിൻ ബെയ്ലിയുടെ ജന്മദിനവും, കേരള പ്രിന്റേഴ്സ് അസ്സോസിയേഷൻ സ്ഥാപകദിനവുമായ "നവംബർ 7 - പ്രിന്റേഴ്സ് ഡേ" ആയി ആചരിക്കുന്ന ചടങ്ങ് കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി ജില്ലാ കമ്മിറ്റി ഹാളിൽ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. പുതുക്കിയ റേറ്റ് കാർഡിന്റെ വിതരണം തദവസരത്തിൽ തൃശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ മിസ്. എം. എൽ. റോസി നിർവ്വഹിക്കുന്നതാണ്.

ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ല കലോൽസവം ആരംഭിച്ചു

ഇരിങ്ങാലക്കുട : 35-ാം മത് വിദ്യഭ്യാസ ഉപജില്ല കേരള സ്കൂൾ കലോൽസവം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിച്ചു. ജില്ല പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു. മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് അധ്യക്ഷത വഹിച്ചു. കഥകളി ആചാര്യൻ ഡോ. സദനം കൃഷ്ണൻ കുട്ടി മുഖ്യാതിഥിയായി പങ്കെടുത്തു.

കലോൽസവലോഗോ രൂപകല്പന ചെയ്ത ഷിബിന് ഐ.സി. എൽ. സി എം ഡി അഡ്വ.കെ.ജി. അനിൽകുമാർ ഉപഹാരം നൽകി. വിദ്യാഭ്യാസ ജില്ല ഓഫീസർ ഷൈല ടി. കലോൽസവ സന്ദേശം നൽകി. സ്കൂൾ മാനേജർ ഡോ. ലാസർ കുറ്റിക്കാടൻ മുഖ്യ പ്രഭാഷണം നടത്തി. സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻമാരായ ഫെനി എബിൻ വെള്ളാനിക്കാരൻ, ജെയ്സൺ പാറേക്കാടൻ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഡോ.എം. സി. നിഷ, ജനറൽ കൺവീനർ ആൻസൺ ഡൊമിനിക്. പി., ബൈജു കൂവപ്പറമ്പിൽ, എം. ലത, കെ. ആർ. സത്യപാലൻ , ലത. ടി. കെ., സിന്ധു മേനോൻ, സനോജ് .എം. ആർ., അജോ ജോൺ എന്നിവർ പ്രസംഗിച്ചു.

എ. ഇ. ഒ. ഡോ. നിഷ എം.സി. പതാക ഉയർത്തി. നാല് ദിവസങ്ങളിലായി നടക്കുന്ന കലോൽസവം വെള്ളിയാഴ്ച സമാപിക്കും.

പാണ്ടിമേളം

ഇരിങ്ങാലക്കുട : ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിലെ തണ്ടികവരവ് ആഘോഷത്തോടനുബന്ധിച്ച് ഈ മാസം 8ന് വൈകീട്ട് 6 മുതൽ ക്ഷേത്രത്തിന്റെ കിഴക്കെ ഗോപുര നടയിൽ ഇരിങ്ങാലക്കുട അജയും സംഘവും അവതരിപ്പിക്കുന്ന പാണ്ടിമേളം നടക്കും

നിര്യാതനായി

കുട്ടപ്പൻ

ഇരിങ്ങാലക്കുട : പെരിങ്ങാട്ട് കുട്ടപ്പൻ (79) നിര്യാതനായി ഭാര്യ: ചന്ദ്രവതി മക്കൾ : സനൂജ, സനിജ, സജിത്ത്.

മോചനമില്ലാതെ ഇരിങ്ങാലക്കുട നഗരസഭ പരിധിയിലെ റോഡുകളുടെ ശോചനീയാവസ്ഥയ്ക്കെതിരെ സിപി ഐ യുടെ പ്രതിഷേധ മാർച്ച്

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട നഗരസഭ ഭരണത്തിനെതിരെ നിശിത വിമർശനവുമായി സിപിഐ. കെഎസ്ടിപിയുടെ നേതൃത്വത്തിൽ നടക്കുന്ന റോഡ് നവീകരണ പ്രവൃത്തിയുടെ ഭാഗമായി ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയപ്പോൾ നഗരസഭ പരിധിയിലെ റോഡുകളുടെ നിലവാരം ജനത്തിന് വ്യക്തമായെന്നും നമ്പർ ഇട്ടിട്ടില്ലാത്ത ചാത്തൻമാസ്റ്റർ ഹാളിന്റെയും ഷീ ലോഡ്ജിന്റെയും പേരിൽ ലജ്ജയില്ലാതെ ഉദ്ഘാടന മാമാങ്കങ്ങൾ നടത്തിയവരാണ് പട്ടണം ഭരിക്കുന്നതെന്നും ഓരോ വർഷവും കോടികളാണ് പദ്ധതി ഫണ്ട് ലാപ്സാക്കി കളയുന്നതെന്നും സിപിഐ നേതൃത്വം കുറ്റപ്പെടുത്തി. ഇരിങ്ങാലക്കുട പട്ടണത്തിലെ റോഡുകളുടെ ശോചനീയാവസ്ഥയ്ക്കെതിരായി സിപി ഐ ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന മാർച്ച് സിപി ഐ ജില്ലാ എക്സിക്യൂട്ടീവ് അംഗം ടി.കെ സുധീഷ് ഉദ്ഘാടനം ചെയ്തു. സി പി ഐ മണ്ഡലം സെക്രട്ടറി പി. മണി അദ്ധ്യക്ഷത വഹിച്ചു.

സി പി ഐ ജില്ലാ കൗൺസിൽ അംഗം അനിത രാധാകൃഷ്ണൻ, മണ്ഡലം സെക്രട്ടറിയേറ്റ് അംഗങ്ങളായ എം.ബി ലത്തീഫ്,എ ജെ ബേബി എന്നിവർ സംസാരിച്ചു. സി പി ഐ മണ്ഡലം അസി:സെക്രട്ടറി എൻ.കെ ഉദയപ്രകാശ് സ്വാഗതവും ടൗൺ ലോക്കൽ സെക്രട്ടറി കെ.എസ് പ്രസാദ് നന്ദിയും പറഞ്ഞു.വി ആർ രമേഷ്, പി.ആർ രാജൻ, ഇ.ജി നെജിൽ എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

ആശയവിനിമയവും ധാർമ്മിക മൂല്യങ്ങളും മുറുകെ പിടിക്കണം

ചാവക്കാട് : മനുഷ്യ ബന്ധങ്ങളിലെ ആശയവിനിമയവും, ധാർമ്മിക മൂല്യങ്ങളും കൂടി ചേർന്ന് ഏവർക്കും നന്മ ചെയ്യാനുള്ള പ്രചോദനം ഉണ്ടാകുമെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

സ്പീക്കേഴ്സ് ഫോറം ഖുർആൻ സ്റ്റഡി സെന്ററിൽ സംഘടിപ്പിച്ച പ്രസംഗ പരിശീലക്യാമ്പ് ഉൽഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഖുർആൻ സ്റ്റഡി സെന്റർ ജനറൽ കൺവീനർ ടി.കെ.അബ്ദുൾ സലാം അദ്ധ്യക്ഷത വഹിച്ചു.

പ്രശസ്ത പരിശീലകൻ കെ.എ. കബീർ ക്ലാസ്സ് നയിച്ചു. സൈനുദ്ദീൻ വാഫി, റാഫി ചോവല്ലൂർപടി, ഷഫീഖ് വാഫി, ആർ.വി.അബ്ദുൽ ജലീൽ, ആസിഫ് വാഫി, അഭയാ അബൂബക്കർ, മെഹ്റൂഫ് വാഫി, ഷാനവാസ്ഖലീമുള്ള എന്നിവർ പ്രസംഗിച്ചു.

റേഷൻകാർഡ് മസ്റ്ററിംഗ് ഓൺലൈൻ ആയി ആരംഭിച്ചിരിക്കുന്നു

തൃശൂർ : റേഷൻകാർഡ് മസ്റ്ററിംഗ് ഓൺലൈൻ ആയി ആരംഭിച്ചിരിക്കുന്നു. ഇതുവരെ റേഷൻകാർഡ് മസ്റ്ററിംഗ് നടത്താത്തവർ റേഷൻ കാർഡ്, ആധാർകാർഡ്, ആധാർ ലിങ്ക് ചെയ്ത മൊബൈൽഫോൺ എന്നിവയുമായി അക്ഷയ കേന്ദ്രത്തിൽ നേരിട്ടെത്തി മസ്റ്ററിംഗ് ചെയ്യാവുന്നതാണ്.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 1012/2018

ദേവസ്സിക്കുട്ടി ഇ ഒ

- ഹരജിക്കാരൻ

ഹേമന്ദ്ദാസ്, S/o. ദാസൻ, മലയിൽ തട്ടാൻ ഹൗസ്, മനക്കുളങ്ങര ദേശം, കൊടകര പി ഒ., ചാലക്കുടി താലൂക്ക്

-4-ാം എതൃകക്ഷി

മേൽ നമ്പറിലെ 4-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പരസ്യം ചെയ്യുന്നതിന് അനുവദിച്ച് **13-01-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം താങ്കളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ അഡ്വക്കെറ്റ് മുഖാന്തിരമോ രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരാകാത്തപക്ഷം താങ്കളെ എക്സ്പാർട്ടിയാക്കി കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 6-11-2024

ഹരജിഭാഗം അഡ്വക്കെറ്റ്

സണ്ണി ഗോപുരൻ (ഒപ്പ്)

ഗുണനിലവാരം സംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം: ടൈൽ നിർമ്മാണ കമ്പനിക്കും വ്യാപാരിക്കും പിഴ

തൃശൂർ: ഗുണനിലവാരം സംബന്ധിച്ച് ഉപഭോക്താവിനെ കൃത്യമായി ബോധ്യപ്പെടുത്താതെ ടൈലുകൾ വിൽപ്പന നടത്തിയ കുറ്റത്തിന് വ്യാപാരിയേയും ഈ ടൈലുകൾ എയർപോർട്ടുകൾ, ഹോട്ടലുകൾ, സൂപ്പർമാർക്കറ്റുകൾ, സ്കൂളുകൾ, വർക്ക്ഷോപ്പുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം ഉപയോഗിക്കാൻ യോജ്യമായവയാണ് എന്ന് തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം നൽകിയതിന് നിർമ്മാതാവിനും തൃശ്ശൂർ ജില്